നിയും തമ്മിൽ ഉള്ള ബന്ധത്തിന്റെ വിശദാംശങ്ങൾ ധാരണാപത്രം സ്ഥിരീകരിക്കുന്നതിന് മുമ്പ് പരിശോധിക്കുന്നതാണ്. ഇപ്പോഴത്തെ ധാരണാപത്രം "നോൺ ബൈന്റിംഗ് എം ഒ യു" ആണ്. അതിന്റെ കോപ്പി ഇതിന്റെകൂടെ വച്ചിരിക്കുന്നു.†

**3 (3) വികസന പ്രക്രിയയിൽ ശാസ്ത്രസാങ്കേതിക പുരോഗതിയുടെ പങ്ക്**

ശ്രീ. കെ. കുട്ടി അഹമ്മദ്കുട്ടി :

ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ വികസന പ്രക്രിയയിൽ ശാസ്ത്രസാങ്കേതിക പുരോഗതി ഉപയോഗപ്പെടുത്തുന്നതിന്റെ ഭാഗമായി ഏതെങ്കിലും ഹൈലെവൽ കമ്മിറ്റികളെ ഉപയോഗിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത കമ്മിറ്റിയിലെ അംഗങ്ങൾ ആരൊക്കെയാണ്; ചെയർമാൻ ആരാണ്;

(സി) പ്രസ്തുത കമ്മിറ്റി സർക്കാരിന് എന്തെങ്കിലും റിപ്പോർട്ടുകൾ സമർപ്പിച്ചിട്ടുണ്ടോ;

(ഡി) റിപ്പോർട്ടിലെ ശുപാർശകൾ എന്തൊക്കെയാണ്;

(ഇ) ആയതിന്റെ അടിസ്ഥാനത്തിൽ സർക്കാർ കൈക്കൊണ്ടിട്ടുള്ള നടപടികളുടെ വിശദാംശം വെളിപ്പെടുത്തുമോ;

(എഫ്) റിപ്പോർട്ട് നൽകിയിട്ടുണ്ടെങ്കിൽ അതിന്റെ കോപ്പി മേശപ്പുറത്ത് വയ്ക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കേരള സർക്കാരിന്റെ മുൻ ശാസ്ത്ര ഉപദേഷ്ടാവ് ഡോ. പി.കെ. അയ്യങ്കാർ ചെയർമാനായ സമിതിയിൽ താഴെപ്പറയുന്നവർ അംഗങ്ങളാണ്.

1. ഡോ. എസ്. വരദരാജൻ, പ്രസിഡന്റ്, ഐ.എൻ.എസ്.എ.
2. ഡോ. ഐ.എസ്. ഗുലാത്തി, വൈസ് ചെയർമാൻ, സംസ്ഥാന പ്ലാനിംഗ് ബോർഡ്
3. സെക്രട്ടറി, ശാസ്ത്രസാങ്കേതിക വകുപ്പ്, ഭാരത സർക്കാർ
4. ചീഫ് സെക്രട്ടറി, കേരള സർക്കാർ
5. ഡോ. എം.എസ്. വല്യത്താൻ, ചെയർമാൻ, മണിപ്പാൽ അക്കാഡമി ഓഫ് ഹയർ എഡ്യൂക്കേഷൻ
6. പ്രൊഫ. എൻ ബാലകൃഷ്ണൻ നായർ, മുൻ ചെയർമാൻ, സ്റ്റെക്
7. ഡോ. വി.പി. കുൽക്കർണി, മുൻ ഡയറക്ടർ, ഇ.ആർ. ആന്റ് ഡി.സി.
8. ശ്രീ. എം.എൽ. പ്രസാദ്, മുൻ ചെയർമാൻ, റെയിൽവേ ബോർഡ്

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

9. ശ്രീ. കെ.എൽ. കുമാർ, സി.എം.സി. കൊച്ചിൻ റിഫൈനറീസ് ലിമിറ്റഡ്.

10. ഡോ. എ.ഡി. ദാമോദരൻ, മുൻ ചെയർമാൻ, സ്റ്റെക്

ജലവിഭവ വികസന ഗവേഷണ കേന്ദ്രം എക്സിക്യൂട്ടീവ് ഡയറക്ടർ, ഡോ.പി. രാസക് സമിതിയുടെ എക്സിക്യൂട്ടീവ് സെക്രട്ടറിയും കൺവീനറുമാണ്. (ചെയർമാൻ ഡോ. പി.കെ. അയ്യങ്കാർ, ഡോ. എം.എസ്. വല്യത്താൻ, ഡോ. എ.ഡി. ദാമോദരൻ എന്നിവർ രാജി വച്ചുപോയി.)

(സി) ഇല്ല.

(ഡി)മുതൽ (എഫ്) വരെ ബാധകമല്ല.

**4 (4) ജനകീയാസൂത്രണത്തിനു വേണ്ടി ചെലവഴിച്ച തുക**

<u>ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനകീയാസൂത്രണത്തിനായി 31.5.99 വരെ എന്തു തുക പ്ലാനിംഗ് ബോർഡിലൂടെ ചെലവാക്കിയിട്ടുണ്ടെന്ന് ഇനംതിരിച്ചുള്ള കണക്കുകൾ നൽകുമോ;

(ബി) ഗവൺമെന്റ് വകുപ്പുകളിൽ കൂടി എന്തു തുക ഇതുവരെ ചെലവാക്കിയിട്ടുണ്ടെന്നുള്ളതിന്റെ ഇനം തിരിച്ച കണക്ക് വ്യക്തമാക്കുമോ;

(സി) ഇനിയും ഇതിലേക്ക് എന്തു തുക ചെലവാക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ജനകീയാസൂത്രണത്തിന്റെ ആരംഭം മുതൽ 31.5.99 വരെ സംസ്ഥാന ആസൂത്രണ ബോർഡ് ചെലവാക്കിയ ആകെ തുക 8,83,13,371 രൂപയാണ്.

ചെലവ് ഇനങ്ങൾ (രൂപ)

| | |
|---|---|
| 1. പരിശീലനം, വിദഗ്ദ്ധ സമിതി ചെലവുകൾ | - 4,18,37,255 |
| 2. അച്ചടി | - 2,05,29,985 |
| 3. വികസന റിപ്പോർട്ടുകൾ (തദ്ദേശഭരണ സ്ഥാപനങ്ങൾക്കു നൽകിയത്) | - 1,37,33,000 |
| 4. വീഡിയോ കാസറ്റ് | - 27,08,402 |
| 5. മറ്റിനം | - 95,04,729 |

(ബി) പബ്ലിക് റിലേഷൻസ് വകുപ്പ് പ്രസിദ്ധീകരണ പ്രചാരണ പ്രവർത്തനങ്ങൾക്കായി ആകെ 20,77,154 രൂപ ചെലവാക്കിയിട്ടുണ്ട്.

ചെലവ് ഇനങ്ങൾ (രൂപ)

| | |
|---|---|
| 1. കലാജാഥ സംഘടിപ്പിക്കുന്നതിനുവേണ്ടി ട്രെയിനികളുടെ ക്യാമ്പ് സംഘടിപ്പിച്ചത് | - 84,671.00 |
| 2. 'ഗ്രാമസഭ' എന്ന പേരിൽ പോസ്റ്റർ അച്ചടിച്ചത് | - 2,81,740.00 |

LIBRARY ARCHIVES Kerala Legislative Assembly